(ബി) സർക്കാർ മേഖലയിൽ വന വിഭവങ്ങൾ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉല്പന്നങ്ങളായി മാറ്റുന്ന വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തിന് പുറത്ത നിന്ന് ഏതൊക്കെ രാജ്യങ്ങളിൽ നിന്നും ഏതൊക്കെ ഇനം മരങ്ങൾ ഇറക്കുമതി ചെയ്യുന്നുണ്ടെന്ന കാര്യം വിശദമാക്കാമോ ;

(ഡി) വനവിഭവങ്ങളുടെ ഇറക്കുമതി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1997-ലെ കണക്കുപ്രകാരം 1305 തടിയധിഷ്ഠിത വ്യവസായങ്ങളും 2157 ഈർച്ച മില്ലുകളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മലേഷ്യ, ബർമ്മ, ആഫ്രിക്ക, സിങ്കപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും മലേഷ്യൻപ്ലാവ്, ബർമ്മൻ തേക്ക്, സാൽ, പിൽഗോവ, പുക്കപ്പ, കമ്പകം, പിങ്കൊട്ട, കുഷ്യ, താലി, ആസ്ട്രേലീയ പൈൻ, നയോമ്പ്, കെർവിങ് തുടങ്ങിയ തടികൾ ഇറക്കുമതി ചെയ്യുന്നുണ്ട്.

(ഡി) വനവിഭവങ്ങളുടെ ഇറക്കുമതി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മതികെട്ടാനിലെ വനഭൂമി കൈയേറ്റത്തെക്കുറിച്ച് അന്വേഷണ റിപ്പോർട്ട്

103 (T4143) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതികെട്ടാനിലെ വനഭൂമി കൈയേറ്റം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) വനഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു ;

(ഡി) കൈയേറിയ വനഭൂമി പൂർണ്ണമായും തിരിച്ചുപിടിക്കുകയുണ്ടായോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ വളരെ കുറച്ച് കോപ്പികൾ മാത്രമേ ലഭിച്ചിട്ടുള്ളു. നിയമസഭാ ചോദ്യത്തിന്റെ മറുപടിയോടൊപ്പം ലഭ്യമാക്കുവാൻ ആവശ്യമായ കോപ്പികൾ സർക്കാരിന്റെ പക്കൽ ഇല്ല.

---

* T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മതികെട്ടാനിലെ വനഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് ഇതുവരെ 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടുകേസ്സുകൾ കോടതിയിൽ ചാർജ് ചെയ്തിട്ടുണ്ട്.

(ഡി) കൈയേറിയ വനഭൂമി പൂർണ്ണമായും തിരിച്ചെടുത്തിട്ടുണ്ട്.

(ഇ) പട്ടയം/ലീസ് എന്നിവ കൃാൻസൽ ചെയ്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ 10 കേസ്സുകളും, മറ്റ് കോടതികളിൽ 11 ഒ. എസ്. കേസ്സുകളും നിലവിലുണ്ട്.

മാവൂർ ഗ്രാസിം കമ്പനിയിലെ തടി വില്പന തുക ഈടാക്കാൻ നടപടി

104 (4144) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാസിം കമ്പനിയിൽ പൾപ്പ് ഉൽപാദിപ്പിക്കാൻ എത്ര ടൺ തടിയും മുളയും ഉണ്ടായിരുന്നു ;

(ബി) പൾപ്പ് ഉല്പാദിപ്പിക്കുന്നതിനായി ഗ്രാസിം കമ്പനിക്ക് തടിയും മുളയും നൽകുന്നത് എന്ത് വിലയ്ക്കാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സർക്കാർ കുറഞ്ഞ വിലയ്ക്ക് നൽകുന്ന തടിയും മുളയും പൾപ്പ് നിർമ്മാണത്തിന് ഉപയോഗിച്ചില്ലെങ്കിൽ എന്ത് വിലയാണ് കമ്പനി സർക്കാരിന് നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗ്രാസിം കമ്പനിയിൽ നിന്നും തുക ഈടാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും എന്തു തുക ഇതിനകം ഈടാക്കി എന്നും വെളിപ്പെടുത്തുമോ ;

(ഇ) ഗ്രാസിം കമ്പനിയുടെ കൈവശത്തിലായിരിക്കുമ്പോൾ തടിയും മുളയും കേടുവന്നാൽ വില നൽകാനുള്ള ബാദ്ധ്യതയിൽനിന്നും അവരെ ഒഴിവാക്കാൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഗ്രാസിം കമ്പനിയിൽ പൾപ്പ് ഉല്പാദിപ്പിക്കാതെ 80604 മെ. ടൺ തടിയും 50842 മെ. ടൺ മുളയുമാണ് ബാക്കി ഉണ്ടായിരുന്നത്.

(ബി) സർക്കാരും കമ്പനിയും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിലാണ് കമ്പനിക്ക് അസംസ്കൃത പദാർത്ഥങ്ങൾ നൽകിക്കൊണ്ടിരിക്കുന്നത്. കമ്പനിയുമായുള്ള നാലാം അനുബന്ധ കരാർ കാലയളവിൽ (27-10-1988 മുതൽ 26-10-1993 വരെ) നൽകിയ അസംസ്കൃത വസ്തുക്കൾക്ക് എല്ലാ നികുതികളും ഉൾപ്പെടെ മെട്രിക് ടണ്ണിന് 259 രൂപയാണ് ഈടാക്കിയിരുന്നത്. അതിനുശേഷം 27-10-1993 മുതൽ 31-8-1999 വരെ കമ്പനിക്ക് അസംസ്കൃത വസ്തുക്കൾ നൽകിയിരുന്നത് താഴെപ്പറയുന്ന നിരക്കുകൾ അനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly